സ്വർണ്ണം സ്വർണ്ണത്തിനും, വെള്ളി വെള്ളിക്കും,
ഗോതമ്പ് ഗോതമ്പിനും, ബാർലി ബാർലിക്കും, ഈത്തപ്പഴം
ഈത്തപ്പഴത്തിനും, ഉപ്പ് ഉപ്പിനും (പകരമായി
കൈമാറുമ്പോൾ) തുല്യത്തിന് തുല്യവും ഒപ്പത്തിന്
ഒപ്പവും, റൊക്കവുമായിരിക്കണം. എന്നാൽ ഈ ഇനങ്ങൾ
വിഭിന്നമായാൽ നിങ്ങൾ ഉദ്ദേശിക്കുന്നത് പോലെ അവ
കച്ചവടം ചെയ്തോളൂ; റൊക്കമായാൽ മതി
ഉബാദത്ത് ഇബ്നു സ്വാമിത്ത് -هُْنَع هُ

َ ِض َي الل
ر- നിവേദനം: അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) പറഞ്ഞു:
"സ്വർണ്ണം സ്വർണ്ണത്തിനും, വെള്ളി വെള്ളിക്കും, ഗോതമ്പ് ഗോതമ്പിനും, ബാർലി
ബാർലിക്കും, ഈത്തപ്പഴം ഈത്തപ്പഴത്തിനും, ഉപ്പ് ഉപ്പിനും (പകരമായി കൈമാറുമ്പോൾ)
തുല്യത്തിന് തുല്യവും ഒപ്പത്തിന് ഒപ്പവും, റൊക്കവുമായിരിക്കണം. എന്നാൽ ഈ ഇനങ്ങൾ
വിഭിന്നമായാൽ നിങ്ങൾ ഉദ്ദേശിക്കുന്നത് പോലെ അവ കച്ചവടം ചെയ്തോളൂ; റൊക്കമായാൽ
മതി."
[صحيح] [رواه مسلم]
പലിശ ബാധകമാവുന്ന എട്ട് ഇനങ്ങൾ കച്ചവടം ചെയ്യേണ്ട ശരിയായ രൂപമാണ് നബി (صلى الله عليه وسلم) ഈ ഹദീഥിൽ
വിവരിക്കുന്നത്. സ്വർണ്ണം, വെള്ളി, ഗോതമ്പ്, ബാർലി, ഈത്തപ്പഴം, ഉപ്പ് എന്നിവ ഒരേ ഇനം
പരസ്പരം കൈമാറ്റം ചെയ്തു കൊണ്ട് കച്ചവടം ചെയ്യുകയാണെങ്കിൽ രണ്ട് നിബന്ധനകൾ
പാലിക്കണം. ഒന്ന്: സ്വർണ്ണവും വെള്ളിയും പോലെ തൂക്കം പരിഗണിക്കപ്പെടുന്നവയാണെങ്കിൽ
നൽകുന്നതും വാങ്ങുന്നതും ഒരേ തൂക്കമായിരിക്കണം. (സ്വാഅ് പോലുള്ള) അളവ്
പരിഗണിക്കപ്പെടുന്ന ബാർലിയും ഗോതമ്പും ഈത്തപ്പഴവും ഉപ്പും പോലുള്ളവയാണെങ്കിൽ
രണ്ടിൻ്റെയും അളവ് ഒന്നായിരിക്കണം. രണ്ട്: വിൽപ്പനക്കാരൻ ചരക്കിൻ്റെ വില വാങ്ങുന്നതും
വാങ്ങുന്നവൻ ചരക്ക് കൈപ്പറ്റുന്നതും ഒരേ സദസ്സിൽ തന്നെയായിരിക്കണം. എന്നാൽ സ്വർണ്ണം
വെള്ളിക്ക് പകരമോ, ഈത്തപ്പഴം ഗോതമ്പിന് പകരമോ മറ്റോ ആണെങ്കിൽ ഇവയുടെ കച്ചവടത്തിൽ
ഒരു നിബന്ധന മാത്രമേ പാലിക്കേണ്ടതുള്ളൂ. വിൽപ്പനക്കാരൻ ചരക്കിൻ്റെ വില വാങ്ങുന്നതും
വാങ്ങുന്നവൻ / ഉപഭോക്താവ് വസ്തു കൈപ്പറ്റുന്നതും റൊക്കമായിരിക്കണം. അതല്ലായെങ്കിൽ ആ
കച്ചവടം അസാധുവാണ്. നിശിദ്ധമായ പലിശയുടെ ഇനങ്ങളിൽ ഉൾപ്പെടുന്ന കച്ചവടമാണ് അവർ -
വിൽപ്പനക്കാരനും വാങ്ങുന്നവനും ഒരു പോലെ- നടത്തിയിരിക്കുന്നത്,
https://sunnah.global/hadeeth/ml/show/66385


النجاة الخيرية
ALNAJAT CHARITY


لجنة الدعوة الإلكترونية
EDC
E-Da'wah Committee